ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
റവന്യൂ കോംപ്ലക്സ് ,പബ്ലിക് ഓഫീസ് ബിൽഡിംഗ്
മ്യൂസിയം ജംഗ്ഷൻ ,തിരുവനന്തപുരം
മെയിൽ: lrcommissioner@gmail.com
ഫോൺ :0471-2322885

LR/2002/2021-LR(C4) തീയതി:25/09/2021

ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം
**(ഹാജർ :കെ.ബിജു.ഐ.എ.എസ് )**

വിഷയം:- ഭൂമിഏറ്റെടുക്കൽ- കൊച്ചി മെട്രോ - ജവഹർ ലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് ഇൻഫോ പാർക്ക് വരെയുള്ള ഭൂമി ഏറ്റെടുപ്പ് - അനുവദിച്ച പാക്കേജ് ഭേദഗതിചെയ്യണമെന്ന ആവശ്യം - ഉത്തരവ് പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച് -

സൂചന:- 1 . ഈ കാര്യാലയത്തിലെ 11-03-2020 ലെ എൽ. ആർ.സി4/7251/2020 നമ്പർ നടപടിക്രമം.
2. ഈ കാര്യാലയത്തിലെ 5/10/2020 ലെ എൽ. ആർ.സി4/ 7251/2020 നമ്പർ നടപടിക്രമം.
3.എറണാകുളം ജില്ലാകളക്ടറുടെ 24-08-2021, 07-09-2021 തീയതികളിലെ സി/12-1047/2016 നമ്പർ കത്തുകൾ.

*******

എറണാകുളം ജില്ലയിൽ കൊച്ചി മെട്രോയ്ക്ക് വേണ്ടി ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് ഇൻഫോപാർക്ക് വരെയുള്ള ഭൂമി ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് സൂചന (1) പ്രകാരം ബാധിക്കപ്പെട്ട കുടുംബങ്ങൾക്കുള്ള പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള പാക്കേജ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് എറണാകുളം ജില്ലാകളക്ടറുടെ 15 -09 -2020 ലെ റിപ്പോർട്ട് പരിഗണിച്ച് പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട് സൂചന (2) പ്രകാരം നടപടി ക്രമം പുറപ്പെടുവിച്ചിരുന്നു.

സൂചന (1) പ്രകാരമുള്ള ഉത്തരവിൽ, ഇടപ്പള്ളി സൗത്ത് വില്ലേജിൽ ക്രമനമ്പർ (9) ആയി ശ്രീമതി. വത്സലക്ക് 5,50,000/ -(അഞ്ചു ലക്ഷത്തി അൻപതിനായിരം രൂപ ) രൂപയും ക്രമനമ്പർ 10 ,11 ആയി യഥാക്രമം ശ്രീസന്തോഷ് കുമാർ, ശ്രീ രാമചന്ദ്രൻ എന്നിവർക്ക് 6,10,000/-(ആറു ലക്ഷത്തി പതിനായിരം രൂപ ) രൂപ വീതവും അനുവദിച്ച് നൽകിയിരുന്നു. എന്നാൽ പദ്ധതി പ്രദേശത്ത് ശ്രീമതി.വത്സല, ടി യാളുടെ ഭർത്താവ് ശ്രീ. മുരളീധരൻപിള്ള എന്നിവർ പേരിൽ ഉണ്ടായിരുന്ന മൂന്ന് കടമുറികളിൽ ഒരെണ്ണത്തിന് മാത്രമേ 50 % ന മുകളിൽ നാശനഷ്ടം സംഭവിക്കുന്നുള്ളു എന്നും, ആയത് ശ്രീമതി.വത്സലയുടെ ഭർത്താവും പരേതനുമായ ശ്രീ. മുരളീധരൻപിള്ളയ്ക്ക് സിദ്ധിച്ച ആധാരത്തിൽ ഉൾപ്പെട്ടുവരുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. മുരളീധരൻപിള്ളയുടെ അവകാശികൾ ആരൊക്കെയാണെന്ന് തെളിയിക്കുന്ന ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ, ഭാര്യയും മറ്റ് അവകാശികളും ഉൾപ്പെടെ ശ്രീമതി വത്സല മുതൽപ്പേർ എന്ന പേരിൽ പാക്കേജ് അനുവദിക്കണമെന്നും, കൂടാതെ ശ്രീ സന്തോഷ് കുമാർ.പി.കെ, ശ്രീ രാമചന്ദ്രൻ എന്നിവർക്ക് പാക്കേജ് അനുവദിച്ചിരുന്നുവെങ്കിലും പിന്നീടുള്ള അർഥനാധികാരിയുമായുള്ള സംയുക്ത

Scanned with CamScanner

സ്ഥലപരിശോധനയിൽ വാടകക്കാരായിട്ടുള്ള ടി ആളുകൾക്ക് ഭൂമിയേറ്റെടുപ്പ് മൂലം കടമുറികൾ നഷ്ടപ്പെടുന്നില്ലാത്തതിനാൽ അനുവദിച്ച പാക്കേജ് റദ്ദാക്കണമെന്നും സൂചന (3) പ്രകാരം ആവശ്യപെട്ടിട്ടുള്ളതാണ്.

ജില്ലാകളക്ടറുടെ റിപ്പോർട്ട് പരിഗണിച്ചതിൽ, ഇടപ്പള്ളി സൗത്ത് വില്ലേജിൽ റീസർവ്വേ 126/ 17 -A-11 ൽ പ്പെട്ട 0.09 ആർ ഭൂമിയിൽ മൂന്ന് കടമുറികൾ പ്രവർത്തിക്കുന്നതായും, ഇതിൽ ഒരു കടമുറി മാത്രം ഭാഗീകമായി നഷ്ടപ്പെടുന്നു എന്നും ആയതു ശ്രീമതി . വത്സലയുടെ ഭർത്താവായ പരേതനായ ശ്രീ.മുരളീധരൻ പിള്ളയുടെ ഉടമസ്ഥതയിലുള്ളതാണെന്നും , ടി കടമുറിയിൽ ജ്യൂസ് കട പ്രവർത്തിച്ചു വരുന്നെന്നും ഇതിനെ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ലെന്നുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആയതിൽനിന്നും ടി ഭൂമിയേറ്റെടുപ്പ് ടിയാളുകളുടെ കുടുംബത്തിന്റെ പൂർണമായ ഉപജീവനത്തെ ബാധിക്കുന്നതായി കാണുന്നില്ല.

ഈ സാഹചര്യത്തിൽ സൂചന (1 ) ഉത്തരവിലെ ഇടപ്പളി സൗത്ത് വില്ലേജിൽ, ക്രമനമ്പർ 9,10 ,11 ആയി യഥാക്രമം ശ്രീമതി. വത്സല, ശ്രീ സന്തോഷ് കുമാർ പി.കെ., ശ്രീ. രാമചന്ദ്രൻ എന്നിവർക്ക് അനുവദിച്ചിരുന്ന പാക്കേജ് തുക റദ്ദാക്കി ഇതിനാൽ ഉത്തരവാകുന്നു. സൂചന (1) പ്രകാരമുള്ള ഉത്തരവ് മേൽഭേദഗതികളോടെ നിലനിൽക്കുന്നതാണ് .

K. BIJU IAS, Commissioner CLR, O/o Commissioner CLR

പകർപ്പ് :- ജില്ലാ കളക്ടർ,
എറണാകുളം.

ഇത് കമ്പ്യൂട്ടർ ജനറേറ്റുചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവിശ്യമില്ല
ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

Scanned with CamScanner